നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

13 (*473) ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീ. വി. ബാലറാം :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എ. കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാഷണൽ കയർ റിസർവ്വ് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെ ;

(സി) പ്രസ്തുത സ്ഥാപനത്തിന് കയർ വ്യവസായത്തെ പരിപോഷിപ്പിക്കുവാൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

(ബി) ഇൻസ്റ്റിറ്റ്യൂട്ട് എവിടെ സ്ഥാപിക്കണമെന്നതിനെക്കുറിച്ച് അന്തിമ തീരുമാനമായിട്ടില്ല.

(സി) കയറും കയറുല്പന്നങ്ങളും നിർമ്മിക്കുന്നതിനുപയോഗിക്കുന്ന യന്ത്രങ്ങളുടെ ആധുനികവൽക്കരണം, നൂതനയന്ത്രങ്ങളുടെ രൂപകൽപ്പന, ആഗോള വിപണിയിൽ പിടിച്ചുനിൽക്കത്തക്കത്ത രീതിയിലുള്ള വൈവിധ്യമാർഗവും പുതുമയാർന്നതുമായ ഉല്പന്നങ്ങളുടെ ആവിഷ്കാരം, ഗുണമേന്മയേറിയ ഉല്പന്നങ്ങളുടെ നിർമ്മാണം, അനുബന്ധകാര്യങ്ങൾ ഇവയെ സംബന്ധിച്ച് ഗവേഷണം നടത്തുക, ഗവേഷണഫലങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ ലക്ഷ്യമിട്ടാണ് ഇത്തരമൊരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കയർമേഖലയെയും കയർ ഉൽപ്പന്നങ്ങളുടെ പ്രാദേശിക ദേശിയ അന്തർദേശീയ വിപണനം സംബന്ധിച്ച മാനേജ്മെന്റ് പഠനം, കയർതൊഴിലാളികൾക്കും ശാസ്ത്രജ്ഞർക്കും ഉല്പാദകർക്കും പരിശീലന പരിപാടികൾ സെമിനാറുകൾ വർക്ക്ഷോപ്പുകൾ എന്നിവയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യമാണ്.

കാർഷിക സർവ്വകലാശാലയിൽ യു.ജി.സി. സ്കെയിൽ നടപ്പാക്കുമ്പോൾ കുടിശ്ശിക തുക രൊക്കം പണമായി കൊടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

14 (*474) ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കാർഷിക സർവ്വകലാശാലയിൽ യു.ജി.സി. സ്കെയിൽ നടപ്പാക്കുമ്പോൾ കുടിശ്ശികത്തുക ഒരോന്നും പണമായി കൊടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്നാണ് പ്രസ്തുത സർവ്വകലാശാല ഗവൺമെന്റിനെ അറിയിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതനുസരിച്ചുള്ള തുക പ്രസ്തുത സർവ്വകലാശാലയിൽ നീക്കിയിരിപ്പുണ്ടായിരുന്നുവോ എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇല്ലാത്ത പക്ഷം ഗവൺമെന്റിനെ തെറ്റിദ്ധരിപ്പിച്ചതിന്റെ പേരിൽ എന്തെല്ലാം നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു ;

(ഡി) പ്രസ്തുത സർവ്വകലാശാലയിൽ യു. ജി. സി. സ്കെയിൽ നടപ്പാക്കിയതിനെ തുടർന്ന് കുടിശ്ശിക തുക മൊക്കം കൊടുക്കുന്നതിന് ഏതെല്ലാമിനത്തിലുള്ള തുകയാണ് വിനിയോഗിച്ചതെന്ന് വിശദമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ&ബി) യു.ജി.സി./ഐ.സി.എ.ആർ. പദ്ധതി നടപ്പിലാക്കുമ്പോൾ നൽകേണ്ട കുടിശ്ശികതുക നൽകുന്നതിന് 1991-92 കാലങ്ങളിൽ ഐ.സി.ഐ.ആറിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ചതും തൃശ്ശൂർ ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്നതുമായ തുകയും അതിന്റെ പലിശയും വിനിയോഗിക്കാമെന്ന് കാർഷിക സർവ്വകലാശാല സർക്കാരിനെ അറിയിച്ചിരുന്നു. കൂടാതെ യു.ജി.സി. യുടെ പരിധിയിൽ വരുന്നവർക്ക് ലഭിക്കേണ്ട കുടിശ്ശിക തുക 31-3-2000 വരെ പി.എഫ്. അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് സമ്മതിച്ചിരുന്നുവെന്നും അറിയിച്ചിട്ടുണ്ടായിരുന്നു. മേൽപറഞ്ഞ തുകകളാണ് കുടിശ്ശികതുക നൽകുന്നതിലേക്കായി കാർഷിക സർവ്വകലാശാല ചൂണ്ടിക്കാണിച്ചിരുന്നത്. എന്നാൽ ഇക്കാര്യം ശരിയല്ലെന്ന് സർവകലാശാലയുടെ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ളതായി ധനകാര്യ ഇൻസ്പെക്ടർ വിഭാഗത്തിന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ടർ റിപ്പോർട്ടിന്മേൽ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് രണ്ട് മാസത്തിനകം നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഐ. സി. എ. ആറിൽ നിന്നും സർക്കാരിൽ നിന്നും 80:20 എന്ന അനുപാതത്തിൽ സർവ്വകലാശാലയ്ക്ക് കിട്ടിയ ഗ്രാന്റ് തുകയിൽ നിന്നുമാണ് യു.ജി.സി. ശമ്പള പരിഷ്കരണ പദ്ധതി അനുസരിച്ചുള്ള കുടിശ്ശിക തുക നല്കിയത്.

നാളികേരത്തെ സംബന്ധിച്ചുള്ള ഗവേഷണം

15 (*475) ശ്രീ. പി. ടി. തോമസ് :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരത്തെ സംബന്ധിച്ച മാർക്കറ്റ് റിസർച്ച്, ഇപ്പോൾ വൈവിധ്യം, സാങ്കേതികവിലയിരുത്തൽ മുതലായ കാര്യങ്ങളിൽ സംസ്ഥാനത്ത് ഏതെങ്കിലും വ്യക്തികളോ സ്ഥാപനങ്ങളോ ഏർപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) കൃഷിവകുപ്പ് ഇക്കാര്യങ്ങളിൽ എന്തെല്ലാം നടപടി സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly